പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5563** | **18/11/2019-ൽ മറുപടിക്ക്**

## കൊച്ചി ആസ്ഥാനമായി ഫാർമ പാർക്ക്

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | മലയാളികൾ ഓരോ വർഷവും ശരാശരി എണ്ണായിരം കോട് രൂപയുടെ അലോപ്പതി മരുന്നുകൾ കഴിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ അലോപ്പതി മരുന്നുകളുടെ ഉപഭോഗം, മറ്റ് സംസ്ഥാനങ്ങളിലെ ആനുപാതിക ഉപഭോഗം വച്ച് കണക്കാക്കുമ്പോൾ കൂടുതലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ദേശീയ ജനസംഖ്യയുടെ 2.76 ശതമാനം മാത്രം ജനസംഖ്യയുള്ള കേരളത്തിൽ ഇത്രയും ഉയർന്ന തുകയ്ക്കുള്ള മരുന്നുപയോഗത്തിനുള്ള കാരണം ജീവിതശൈലീരോഗങ്ങളും വർധിച്ചു വരുന്ന പകർച്ച വ്യാധികളും കൂടാതെ മരുന്നുകളുടെ വില നിർണ്ണയത്തിൽ നിയന്ത്രണമില്ലാത്തതുകൊണ്ടുമാണോ; | ബി) | മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ എല്ലാ ജീവൻ രക്ഷാ മരുന്നുകളും ദൗർലഭ്യമില്ലാതെ സർക്കാർ വിവിധ പദ്ധതികൾ വഴി ലഭ്യമാക്കുന്നതുകൊണ്ടു മാത്രമാണ് ഇത്തരത്തിലുള്ള ഉയർന്നതോതിലുള്ള ഉപഭോഗം കണ്ടുവരുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, കേരളത്തിൽ പകർച്ച വ്യാധികൾ തികച്ചും നിയന്ത്രണത്തിലാണ് . കേന്ദ്ര നിയമമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ വഴിയാണ് രാജ്യമെമ്പാടും മരുന്നുകളുടെ വില നിയന്ത്രിച്ച് വരുന്നത്. രാജ്യമെമ്പാടുമുള്ള വിലയിൽ തന്നെയാണ് സംസ്ഥാനത്തും മരുന്ന് വിറ്റഴിക്കപ്പെടുന്നത്. |
| സി) | എങ്കിൽ അതിനൊരു പരിഹാരമായി കൊച്ചി ആസ്ഥാനമായി ഫാർമ പാർക്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ? | സി) | ഫാർമ പാർക്ക് രൂപീകരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ